**FRIDAY SERMON വെള്ളിയാഴ്ച ഖുത്തുബ**

**Hazrat Khalifathullah Munir Ahmad Azim (A)**

**16 June 2017 / 21 Ramadan 1438 Hijira)**

# THE LAST TEN DAYS OF RAMADAN

## റമദാനിലെ അവസാനത്തെ പത്ത് ദിനങ്ങൾ

**സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വുദ്, സൂറ : അൽ ഫാതിഹ ഓതിയ ശേഷം റമദാനിലെ അവസാനത്തെ പത്ത് ദിനങ്ങൾ എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.**

1. പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ
2. സത്യമായും നാം ഇതിനെ (ഖുർആനെ) നിർണ്ണയ രാവിൽ അവതരിപ്പിച്ചിരിക്കുന്നു.
3. നിർണ്ണയരാവ് എന്തെന്ന് നിനക്കെന്തറിയാം ?
4. നിർണ്ണയരാവ് ആയിരം മാസത്തെക്കാൾ ഉത്തമമാകുന്നു.
5. അതിൽ മലക്കുകളും ആ പരിപൂർണ്ണത്മാവും തങ്ങളുടെ നാഥന്റെ അനുമതിയോടെ സകലകല്പനകളും കൊണ്ട് ഇറങ്ങുന്നതാണ്.
6. അത് (തികച്ചും) സമാധാനാമാകുന്നു. പ്രഭാതോദയം വരെ (97 : 1–6)

നിങ്ങൾക്കെല്ലാപേർക്കും അറിയാവുന്നത് പോലെ റമദാൻ മാസത്തിന്റെ മൂന്നാംഭാഗത്തിൽ നാം പ്രവേശിച്ചിരിക്കുകയാണ്. ഈ രാത്രികളിലെ ഒരു വളരെ പ്രത്യേക രാത്രിയിലാണ്, ആയിരം മാസത്തേക്കാൾ അനുഗ്രഹീതമായ ഒരു രാത്രിയുള്ളത്. അതു നമുക്ക് നേടുവാൻ കഴിയുന്നത് ഇബാദത്തിലൂടെയാണ്. സാധാരണ സമയങ്ങളിൽ നാം നിർവ്വഹിക്കുന്ന എല്ലാ ആരാധനാ പ്രവർത്തനങ്ങളും കണക്കിലെടുത്തു തന്നെയായിരിക്കും.

ഒരു ഹദീസിൽ പറയപ്പെട്ടതുപോലെ, നമ്മുടെ പ്രീയ പ്രവാചകൻ മുഹമ്മദ്

(സ) പറഞ്ഞിരിക്കുന്നു. ഇത് ഒരു മാസമാകുന്നു. ഈ മാസത്തിലെ ഒന്നാം ഭാഗത്തിൽ അല്ലാഹുവിന്റെ കാരുണ്യം വർഷിക്കുന്നതാണ് ; രണ്ടാം ഭാഗത്ത് അല്ലാഹു (ത) യുടെ മാപ്പ് ഇറങ്ങുന്നതാണ് ; അവസാന ഭാഗത്ത് നരകശിക്ഷയിൽ നിന്നുള്ള വിടുതൽ ലഭിക്കുന്നതാണ് (ബുഖാരി)

മറ്റൊരു ഹദീസിൽ ഹസ്രത് അനസ് ഇബ്നു മാലിക്ക് (റ) വിവരിക്കുന്നു. അല്ലാഹുവിന്റെ ദൂതൻ (സ) റമദാൻ മാസത്തെ സംബന്ധിച്ച് വിവരിക്കുന്നു. റമദാൻ മാസം ആരംഭിച്ചിരിക്കുന്നു. അതിൽ ഒരു രാത്രി 1000 മാസത്തേക്കാൾ ശ്രേഷ്ഠമായതാണ്. ആരാണോ ഇതിലെ അനുഗ്രഹങ്ങളിൽ നിന്നും ദൂരപ്പെടുന്നത്, അവൻ യഥാർത്ഥത്തിൽ എല്ലാ നന്മകളിൽ നിന്നു വിദൂരത്തായിരിക്കുന്നു. തീർച്ചയായും അവൻ, ഇതിലെ നന്മയിൽ നിന്നും, ആട്ടി ഓടിക്കപ്പെട്ടവനായിരിക്കുന്നു. (ഇബ്നുമാജ, മിശ്ക്കാത്ത്)

വിശുദ്ധഖുർ ആനിലെ അൽഖദ്ർ അധ്യയത്തിലെ വചനങ്ങളുടെ അടിസ്ഥാനത്തിലും നിങ്ങളുടെ മുൻപാകെ ഇന്ന് സമർപ്പിച്ച പ്രവാചകൻ (സ) യുടെ വചനത്തിന്റെ അടിസ്ഥാനത്തിലും, ഈ വചനങ്ങൾ ഏതു സാഹചര്യത്തിലാണ് വെളിവാക്കപ്പെടുന്നത് എന്ന് ഒരിക്കൽക്കൂടി വിശദീകരിക്കുന്നത് നന്നായിരിക്കുമെന്നു കരുതുന്നു. വർഷങ്ങൾ വന്നും പോയിമിരിക്കും, എന്നാൽ അല്ലാഹുവിന്റെ വാക്കുകളും അധ്യാപനങ്ങളും, അവന്റെ പ്രവാചകൻ (സ) യുടെ പാഠങ്ങളും കുറ്റമറ്റതായി മൊത്തത്തിൽ എന്നെന്നും നിലനിൽക്കും, ഈ അധ്യാപനങ്ങളെ നിങ്ങൾക്കായി ആവർത്തിക്കുക എന്നത് എന്റെ കടമയാണ്, ഈ എല്ലാ രീതികളും മുസ്ലിംകൾ എന്ന നിലയിൽ നമ്മുടെ ചരിത്രത്തിന്റെ ഭാഗമാണ്. അത്തരം ഒരു ചരിത്രം ഖിയാമത്ത് നാൾ വരേക്കും നിലനില്ക്കുക എന്നത് അനിവാര്യമാണ്. ലോകത്ത് ഇസ്ലാമിക അധ്യാപനങ്ങളെ പ്രകാശപൂരിതമാക്കുവാൻ ഈ കൊടുക്കൽ വാങ്ങൽ പ്രക്രീയ അനിവാര്യമാണ്.

ഒരിക്കൽ, പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) ഒരു സൂഫിവര്യന്റെ സംഭവകഥ വിവരിക്കുകയായിരുന്നു. അദ്ദേഹത്തിന്റെ പേര് ഷംസൂൺ എന്നായിരുന്നു. ഇസ്രായീൽ സന്തതികളിലാണ് അദ്ദേഹം ജീവിച്ചിരുന്നത്. നാം

മനസ്സിലാക്കേണ്ട കാര്യം അദ്ദേഹം വളരെയധികം ദൂആ ചെയ്യുന്ന ആളായിരുന്നു. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ കഠിനാധ്വാനം ചെയ്യുന്ന ആളുമായിരുന്നു. 1000 മാസക്കാലം ഇതു തുടർന്നു കൊണ്ടിരുന്നു. പ്രവാചകൻ മുഹമ്മദ് (സ) ന്റെ അനുചരന്മാർ ഈ വാർത്തകേട്ടപ്പോൾ ഹസ്രത് ഷംസൂൺ (റ) നെ കടത്തിവെട്ടുവാൻ കഴിയുകയില്ലല്ലോ എന്നോർത്ത് ദുഃഖാർത്തരായിതീർന്നു. തത്സമയം ഒരു പ്രോത്സാഹനം എന്ന നിലയിൽ അല്ലാഹു (ത) പറഞ്ഞു. മുഹമ്മദ് നബി (സ) യുടെ സമുദായം ലൈലത്തുൽ ഖദറിൽ (നിർണിതരാവ്) ആരാധന പ്രവർത്തനങ്ങളിൽ അവർ മുഴുകിയാൽ, അവരുടെ ആ പ്രാർത്ഥനകളിലൂടെ ആയിരമാസത്തെ ആരാധനയ്ക്കാൾ ശ്രേഷ്ഠമായ പ്രതിഫലങ്ങൾ നാം അവർക്ക് നല്കുന്നതാണ്.

ആയതിനാൽ, ലൈലത്തുൽ ഖദ്ർ വളരെ മൂല്യമുള്ളതും അനുഗ്രഹങ്ങൾ കൊണ്ട് നിയമപ്പെട്ടതുമാണ്. നമ്മുടെ പ്രീയ പ്രവാചകൻ മുഹമ്മദ്, (സ) യുടെ ഉമ്മത്തിനു മേൽ അല്ലാഹു (ത) ചൊരിഞ്ഞ വളരെ മഹത്തായ ദൈവീക അനുഗ്രഹ വർഷം തന്നെയാണ്. അത്തരം ഒരു രാവ് അല്ലാഹു (ത) നല്കിയതിലൂടെ, അവന്റെ ഭക്തദാസർക്ക് സർവ്വാത്മനാ അവനെ ആരാധിക്കുവാൻ സാധിക്കുന്നതാണ്. (എണ്ണമറ്റ അനുഗ്രഹങ്ങൾ വിളയിക്കുവാൻ സാധിക്കുന്നതുമാണ്) അതായത്, ലൈലത്തുൽ ഖദ്ർ രാത്രിയിൽ, അവർക്ക് വളരെ വലിയ അളവിൽ അവന്റെ അനുഗ്രഹങ്ങൾ കൊയ്തെടുക്കുവാൻ സാധിക്കുന്നതാണ്. ആയിരം മാസത്തെ ആരാധനയെക്കാൾ കൂടുതൽ അനുഗ്രഹങ്ങൾ നേടുവാൻ സാധിക്കുന്നതാണ്. കഴിഞ്ഞുകടന്ന പ്രവാചകന്മാരുടെ സമുദായങ്ങൾക്കു വേണ്ടി, അത്തരം ഒരു നിർണ്ണിത രാവ് നല്കപ്പെട്ടിരുന്നില്ല. അതായ് ഹസ്രത് ജിബ്രീൽ (അ) യും മറ്റു മലക്കുകളും ദൈവീക കല്പനയുമായി ഭൂമിയിലേക്ക് ഇറങ്ങുന്നതിനു വേണ്ടി ! അത് മുസ്ലിംകൾക്കു വേണ്ടി മാത്രമാണ് നല്കപ്പെട്ടത്. അവർ ദൈവീക സമാധാനവുമായി മുസ്ലിംകളുടെ മേൽ ഇറങ്ങുന്നു. അതായത് ആരാണോ ദൈവീകാരാധനയിൽ മുഴുകിയിരിക്കുന്നത് അവർക്കു വേണ്ടി ! അപ്പോൾ ആഗതരായ മലക്കുകളുടെ സംഘം അവർക്കു വേണ്ടി പ്രാർത്ഥിക്കുന്നു ; അവരുടെ പാപമോചനത്തിനായി പ്രാർത്ഥിക്കുന്നു. അല്ലാഹു (ത) യുടെ

ജ്ഞാനവിജ്ഞാനങ്ങളിൽ ആ പ്രത്യേക രാവ്, നിർണ്ണിതരാവ്, പരിശുദ്ധ റമദാൻ മാസത്തിന്റെ അവസാനത്തെ രാത്രികളിലൊന്നിലാണ് എന്ന വസ്തുത അവൻ മറച്ചുവെച്ചിരിക്കുന്നു. അതു കണ്ടെത്തുവാൻ മുസ്ലിംകൾ അതുകൊണ്ട് തന്നെ കഠിനമായി യത്നിക്കേണ്ടി വരും. ഈ രീതിയിൽ, അവരുടെ ആത്മധൈര്യം വർധിതമാവുകയും, ഈ രാത്രികളിൽ അല്ലാഹു (ത) യെ, ആരാധിക്കുന്നതിൽ വ്യാപ്തരാവുകയും ചെയ്യുന്നു. അങ്ങനെ അവർക്കായി നിർണ്ണിത രാവിൽ മറച്ചുവെച്ചിരിക്കുന്ന ദൈവീക അനുഗ്രഹത്തെ വിളയിച്ചെടുക്കുവാൻ കഴിയുന്നതാണ് അതിനായി അവർ അവരുടെ സമയത്തെ ത്യാഗം ചെയ്യുന്നു. ; അവർ അവരുടെ നിദ്രയെ ത്യജിക്കുന്നു. അങ്ങനെ പല ത്യാഗങ്ങളും അവർ അല്ലാഹുവിന്റെ തൃപ്തികരസ്ഥമാക്കുവാനായി വരിക്കുന്നു. അങ്ങനെ അനേകം ഇരട്ടികളായ അനുഗ്രഹങ്ങൾ, നന്മകൾ പ്രസ്തുത രാത്രിയിൽ അവർ നേടി എടുക്കുന്നു.

ഹസ്രത് ആയിശാ (റ) റിപ്പോർട്ട് ചെയ്ത ഒരു പ്രവാചക വചനത്തിൽ പറയുന്നു റമദാൻ മാസത്തിലെ അവസാനത്തെ പത്തുരാത്രികളിൽ പ്രവാചകൻ (സ) യുടെ ആരാധന ഇരട്ടിയാക്കി വർദ്ധിപ്പിക്കുമായിരുന്നു ; മറ്റു ദിനരാത്രിങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ! മുസ്ലിം, വിശ്ഖാത്ത് ) മറ്റനേകം പ്രവാചക വചനങ്ങളിലൂടെ അവസാനത്തെ പത്തിലെ ഒറ്റ രാവുകളിലാണ്. ലൈലത്തുൽ ഖദ്ർ എന്ന് രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു. അതായത് 21, 23, 25, 27, 29 എന്നീ രാവുകളിലാണ് ലൈലത്തുൽ ഖദ്ർ ഇറങ്ങുക എന്ന് ! പ്രസ്തുത പ്രവാചക വചനങ്ങളുടെ വെളിച്ചത്തിൽ, ഈ നിർണ്ണിതരാവിലാണ് പരിശുദ്ധ പ്രവാചകൻ (സ) യ്ക്ക് വിശുദ്ധഖുർആൻ ആദ്യമായി അവതരിക്കപ്പെട്ടത് എന്ന് മനസ്സിലാക്കാവുന്നതാണ്. പ്രവാചകൻ ഹസ്രത് മുഹമ്മദ് (സ) പോലും പ്രസ്തുത നിർണ്ണിത രാവിനെക്കുറിച്ച്, ഒരു നിർണ്ണിത തീയതി നല്കിയിട്ടില്ല, എന്നാൽ മഹാനവർകൾ നല്കിയ സൂചന പരിശുദ്ധ റമദാനിലെ അവസാനത്തെ പത്തിലെ ഒറ്റരാവുകളിൽ നിങ്ങളിൽ അന്വേഷിക്കുക എന്ന് മാത്രമാണ്.

നിർണ്ണിതരാവിനെക്കുറിച്ച് ഇസ്ലാമിലെ മഹന്മാരായ പണ്ഡിതന്മാർ വ്യഖ്യാനക്കുറിപ്പുകൾ നല്കിയിട്ടുണ്ട്. ഈ പ്രത്യേക രാത്രി റമദാൻ 27-ാം

രാവിലാണ് എന്ന് അവരുടേതായ അഭിപ്രായം രേഖപ്പെടുത്തിയിട്ടുമുണ്ട്. ഹസ്രത് ഇബ്നു അബ്ബാസ് (റ) ഹസ്രത് ഉബ്യയ്യ് ഇബ് കഅ്ബ (റ) ഹസ്രത് ഇമാം അബൂഹനീഫ (റ) ഹസ്രത് മുഹ്യിദ്ദീൻ ശൈഖ് അബ്ദുൽ ഖാദിർ ജീലാനി (റ) തുടങ്ങിയ മഹാന്മാരായ പണ്ഡിതന്മാർ 7 ന്റെ പ്രാധാന്യത്തെ വ്യഖ്യാനിച്ചിട്ടുണ്ട്. അത്തരം മഹത്വം ഒറ്റ നമ്പരുകളായ 3, 5, 9 എന്നിവയ്ക്ക് സാധാരണ നിലയിൽ കാണപ്പെടുന്നില്ല. ഈ കാര്യത്തിൽ അവരുടെ സ്ഥിരീകരണം താഴെ കാണുന്ന കാര്യങ്ങളിലെ അപഗ്രഥനത്തിലൂടെയാണ്.

1. 7 ആകാശങ്ങളും 7 ഭൂമിയും
2. ഒരാഴ്ചയിൽ 7 രാത്രികളും 7 പകലുകളും
3. കഅ്ബയ്ക്ക് ചുറ്റും നാം 7 ത്വവാഫ് ചെയ്യേണ്ടതാണ്
4. സഫാ മർവാ കുന്നുകൾക്കിടയിൽ 7 പ്രാവശ്യം നാം ഓടണം
5. ഗുഹാവാസികളായി 7 സുഹൃത്തുക്കളായിരുന്നു. ഇക്കാര്യം വിശുദ്ധഖുർആനിലെ സുറ : കഹ്ഫിൽ വ്യക്തമാക്കിയിട്ടുണ്ട്. വിശുദ്ധഖുർ ആനിൽ ഗുഹാവാസികളുടെ നിർണ്ണിതമായ എണ്ണം വ്യക്തമാക്കിയിട്ടില്ലെങ്കിലും, അപഗ്രഥനത്തിലൂടെയും അന്വേഷണത്തിലൂടെയും, നൂറ്റാണ്ടുകളിലൂടെ സംരക്ഷിക്കപ്പെട്ട ചരിത്രത്തിൽ നിന്നും, ഈ മഹാന്മാരായ പണ്ഡിതന്മാർ എത്തിച്ചേർന്ന നിഗമനം ഗുഹാവാസികൾ 7 പേരായിരുന്നു എന്നാണ് (നിദ്രയിലാണ്ട 7 പേർ)
6. അവരുടെ പ്രൗഢമായ അപഗ്രഥത്തിലൂടെ ഹസ്രത് യൂസുഫ് (അ) ജയിൽ വാസം അനുഭവിച്ചത് 7 വർഷമായിരുന്നു.
7. രാജാവിന് വേണ്ടി ഹസ്രത് യൂസഫ് (അ) സ്വപ്നം വ്യഖ്യാനിക്കപ്പെട്ടത് (സൂറ : യൂസുഫിൽ) 7 തടിച്ച പശുക്കളും 7 മെലിഞ്ഞ പശുക്കളുമാണ്.
8. 24 മണിക്കൂറിനിടയിൽ നാം 17 റക്കഅത്ത് നിർബന്ധനമസ്ക്കാരം നിർവ്വഹിക്കുന്നു
9. ഓരോ നമസ്ക്കാരത്തിലും, നമ്മുടെ നമസ്ക്കാരം പൂർണ്ണമായതായി പരിഗണിക്കപ്പെടുവാൻ 7 വ്യവസ്ഥകൾ പൂർത്തിയാക്കേണ്ടതുണ്ട്.

ഇക്കാരണങ്ങളാൽ, അവരെ സംബന്ധിച്ചടത്തോളം, 7ന് മറ്റ് ഒറ്റ നമ്പരിനേക്കാൾ പ്രാധാന്യമുണ്ട്. ലൈലത്തുൽ ഖദ്ർ എന്ന വാക്ക് 9 അക്ഷരങ്ങൾ കൊണ്ട് നിർമ്മിക്കപ്പെട്ടതാണ്. സൂറ : അൽഖദ്റിൽ ഇത് മൂന്ന് പ്രാവശ്യം ആവർത്തിക്കപ്പെടുന്നു. ഇതിലൂടെ 3 നെ 9 കൊണ്ട് ഗുണിക്കുമ്പോൾ 27 എന്ന സംഖ്യയിലെത്തിച്ചേരുന്നു

വിശുദ്ധ ഖുർആന്റെ അധ്യാപനങ്ങളുടേയും, പറയപ്പെട്ട പ്രവാചക വചനങ്ങളുടെയും അടിസ്ഥാനത്തിൽ, പ്രസ്തുത രാത്രിയുടെ മഹത്വവും വിലയും നിലയും നാം മനസ്സിലാക്കിയിരിക്കുന്നു. പ്രസ്തുത രാത്രിയിൽ അടങ്ങിയിരിക്കുന്ന അനുഗ്രഹങ്ങളുടെ ആഴവും പരപ്പും ഗ്രഹിക്കേണ്ടതു തന്നെ. ഹസ്രത് അബൂഹുറൈറ (റ) വിവരിച്ചിരിക്കുന്നു. ഹസ്രത് മുഹമ്മദ് (സ) പറഞ്ഞു. നിഷ്ക്കളങ്ക വിശ്വാസത്തോടെ ആരാണോ റമദാൻ മാസത്തിൽ, വ്രതമനുഷ്ഠിക്കുന്നത് അല്ലാഹുവിൽ നിന്നുള്ള പ്രതിഫലം കാംഷിച്ചു കൊണ്ട്, അവന്റെ കഴിഞ്ഞകാലത്തിലെ എല്ലാ പാപങ്ങളും പൊരുത്തപ്പെടുന്നതാണ്. ആരാണോ നിർണ്ണിത രാത്രിയിൽ നിഷ്ക്കളങ്ക ഹൃദയത്തോടെ, പ്രാർത്ഥിക്കുന്നത്, അല്ലാഹുവിൽ നിന്നുള്ള പ്രതിഫലം കാംഷിച്ചു കൊണ്ട്, അപ്പോൾ അവന്റെ മുൻകാലം പാപങ്ങളെല്ലാം പൊറുക്കപ്പെടുന്നതാണ് (ബുഖാരി)

മറ്റൊരു പ്രവാചക വചനത്തിൽ ഹസ്രത് ആയിശാ (റ) റിപ്പോർട്ട് ചെയ്തിരിക്കുന്നു. അവർ പ്രവാചകൻ (സ) യോട് ചോദിക്കുകയുണ്ടായി. അല്ലയോ പ്രവാചകരെ ! ലൈലത്തുൽ ഖദ്ർ ഏത് രാത്രിയാണെന്ന് എനിക്ക് അറിവ് കിട്ടിയാൽ, അപ്പോൾ ഞാൻ എന്താണ് ചോദിക്കേണ്ട്ത് ? പ്രവാചകൻ പ്രതിവചിച്ചു. ഈ പ്രാർത്ഥന അധികമധികമായി ചെയ്യുക. അല്ലാഹുമ്മ ഇന്നക്ക അഫ്വൻ തുഹിബ്ബുൽ അഫ്വ ഫ്അ്ഫ് അന്നീ (അല്ലാഹു വേ നീ മാപ്പു ചെയ്യുന്നവനാണ് ; മാപ്പ് ചെയ്യുന്നത് നീ ഇഷ്ടപ്പെടുന്നു. ആയതിനാൽ നീ എനിക്ക് മാപ്പ് നല്കേണമെ) മിശ്ക്കാത്തു, ഇബ്ന് മാജ, തിർമിദി, ഇഅ്തിക്കാഫിനെ കുറിച്ച് ഒരു ചെറുവിവരണം കൂടി തരുവാൻ ഉദ്ദേശിക്കുകയാണ്, ഇഅ്തിക്കാഫ് എന്നാൽ ആത്മീയതയ്ക്കായി ഒരിടത്തു കഴിഞ്ഞുകൂടുക എന്നർത്ഥം. ഒന്നുകൂടി വ്യക്തമാക്കിയാൽ അല്ലാഹുവിനെ ധാരാളമായി സ്മരിക്കുവാനും, പ്രാർത്ഥിക്കുവാനുമുള്ള

ഉദ്ദേശത്തോടെ പള്ളിയിൽ കഴിഞ്ഞുകൂടുന്നതിനാണ് ഇഅ്തികാഫ് എന്നു പറയുന്നത്. ആരെങ്കിലും ഇഅ്തിക്കാഫ്നായി ഇരിക്കുവാൻ ഉദ്ദേശിച്ചാൽ, താഴെ കാണുന്ന കാര്യം അവൻ പറയേണ്ടതുണ്ട്.

നവയ്ത്തു സുന്നത്തൽ ഇഅ്തിക്കാഫ് ലില്ലാഹി തആല (അല്ലാഹു (ത) യുടെ തൃപ്തി ലഭിക്കുന്നതിനായി മുഹമ്മദ് നബി (സ) യുടെ സുന്നത്തായ ഇഅ്നിക്കാഫിനു വേണ്ടി ഞാൻ നിയ്യത്ത് ചെയ്യുന്നു)

ഹസ്രത് ആയിശാ (റ) വിവരിച്ചിരിക്കുന്നു. റമദാനിലെ അവസാനത്തെ പത്ത് ദിവസം, മരണംവരെയും, പരിശുദ്ധ പ്രവാചകൻ (സ) ഇഅ്തിക്കാഫിനായി പള്ളിയിൽ കഴിഞ്ഞുകൂടിയിരുന്നു. വഫാത്തിനു ശേഷം അദ്ദേഹത്തിന്റെ പത്നിമാർ പള്ളിയിൽ ഇഅ്തിക്കാഫ് ഇരുന്നിരുന്നു. (ബുഖാരി, മുസ്ലിം)

അബൂഹറൈറ (റ) വിവരിച്ചിരിക്കുന്നു. അല്ലാഹുവിന്റെ ദൂതൻ (സ) ഓരോ വർഷവും ഇഅ്തിക്കാഫ് ഇരിക്കുമായിരുന്നു. അദ്ദേഹം വഫാത്തായ വർഷം 20 ദിവസം ഇഅ്തിക്കാഫ് ഇരുന്നിരുന്നു (ബുഖാരി,)

നമ്മുടെ പ്രീയ പ്രവാചകൻ മുഹമ്മദ് (സ) യുടെ ജീവിതകാലത്തെ, അവസാനത്തെ റമദാനിൽ, ഹസ്രത് ജിബ്രീൽ (അ) അതായത് ജിബ്രീൽ എന്ന മലക്ക് . റസൂൽ (സ) യെ സന്ദർശിക്കുവാൻ വരുകയും ഖുർആൻ മുഴുവനും രണ്ട് പ്രാവശ്യം ഓതിപ്പിക്കുകയുമുണ്ടായി (ബുഖാരി,)

ആയതിനാൽ, അല്ലയോ എന്റെ അനുചരന്മാരെ, മുസ്ലിംകളെ ! ഖുർ ആനും സുന്നത്തും പിന്തുടരേണ്ടതിന്റെ പരമമായ പ്രാധാന്യം നിങ്ങൾ മനസ്സിലാക്കുക. വിശിഷ്യാ മറ്റൊരു റമദാന് സാക്ഷ്യം വഹിക്കുവാൻ നിങ്ങളെ അവൻ പ്രാപ്തമാക്കിയിരിക്കുന്ന ഈ സമയത്ത് ! ഈ മാസത്തിലെ രാവുകളും പകലുകളും വ്യർത്ഥമായി പോകരുത്. പരമാവധി സമയം നിങ്ങൾ ഇബാദത്തിൽ കഴിഞ്ഞുകൂടുക. ലൈലത്തുൽ ഖദ്റിന്റെ പ്രതിഫലം നിങ്ങൾക്ക് ലഭ്യമാകുന്നതാണ് എന്ന പ്രതീക്ഷ കൈവിടരുത്. നിങ്ങൾക്ക് പ്രതീക്ഷയുള്ളപ്പോൾ, അല്ലാഹുവിലുള്ള വിശ്വാസം ദൃഢതരവുമെങ്കിൽ, അപ്പോൾ അല്ലാഹു (ത) നിങ്ങളുടെ പ്രതീക്ഷകളിൽ അവന്റെ അനുഗ്രഹം ഇറക്കുന്നതാണ്. അവന്റെ അനുഗ്രഹത്തിന് നിങ്ങൾ

പാത്രീഭൂതരാകുന്നതാണ്. വലിയ അളവിൽ മാപ്പിനർഹരാവുന്നതാണ്, അങ്ങനെ അവൻ നരകാഗ്നിയിൽ നിന്ന് നിങ്ങൾക്ക് മോചനവും നല്കുന്നതാണ്. നിങ്ങൾ നിങ്ങളുടെ നഫ്സിനെ നിയന്ത്രിക്കുന്നതിലൂടെയാണ് ഇത് കരഗതമാകുന്നത്. അപ്പോൾ അല്ലാഹു (ത) അവന്റെ കാരുണ്യം നിങ്ങളുടെ മേൽ വർഷിക്കുന്നതാണ്. അങ്ങനെ നിങ്ങൾക്ക് നിങ്ങളിലുള്ള ശൈത്താനെ നിങ്ങൾക്ക് മുസ്ലിമാക്കിത്തീർക്കുവാൻ കഴിയട്ടെ ! നമ്മുടെ യജമാനർക്ക് കഴിഞ്ഞത്പോലെ ! ഈ രീതിയിൽ നരകത്തിന്റെ വാതിലുകൾ നമ്മുടെ മുമ്പിൽ എന്നന്നേക്കുമായി കൊട്ടി അടയ്ക്കപ്പെടുന്നതാണ്. അതിലൂടെ സ്വർഗ്ഗീയ വാതിലുകൾ നമ്മുടെ മുൻപാകെ എന്നന്നേയ്ക്കുമായി തുറക്കപ്പെടുന്നതുമാണ്. ഇൻശാ അല്ലാഹ് ! ആമീൻ

നിങ്ങൾ മനസ്സിലാക്കുക ! നിങ്ങൾ ജീവിച്ചിരിക്കുന്ന ഈ നൂറ്റാണ്ട് ഒരു ലൈലത്തുൽ ഖദ്റിന്റെ കാലമാണ്. ദൈവീക സന്ദേശം നല്കുന്നതിനായി, റൂഹുൽ ഖുദ്സുമായി ഇറങ്ങിയ ഒരാളിന്റെ, സുഹൃത്ത് വലയത്തിൽ നിങ്ങൾ ആയി തീരുന്നതിലൂടെ, നിങ്ങൾക്ക് ഏറ്റവും വലിയ സൗഭാഗ്യമാണ് ലഭിക്കുന്നത്, അതിലൂടെ നിങ്ങൾ അങ്ങേഅറ്റം ഭാഗ്യവാന്മാരുമാണ് ലോകത്തു സമാധാനം കൊണ്ടുവരുവാനാണ് ഈ വരവ് ! ജനഹൃദയങ്ങളിൽ അല്ലാഹുവിന്റെ ഏകത്വം പുനഃസ്ഥാപിക്കുവാനുമായിട്ടാണ് ഈ ആഗമനം

ഞാൻ എന്റെ അനുചരന്മാർക്കും എല്ലാ മുസ്ലിംകൾക്കും അനുഗ്രഹ പ്രദമായ ഒരു ലൈലത്തുൽ ഖദ്ർ ആശംസിക്കുകയാണ്. ലൈലത്തുൽ ഖദ്റിന്റെ ഇരട്ട അനുഗ്രഹം നിങ്ങൾക്കെല്ലാപേർക്കും അല്ലാഹു (ത) നല്കട്ടെ ! ഒന്ന് അല്ലാഹു (ത) യുടെ ഖലീഫയുടെ സാന്നിധ്യത്തിലൂടെ ലഭ്യമാകുന്നതും രണ്ടാമത്തേതു റമദാൻ മാസത്തിലെ ലൈലത്തുൽ ഖദ്റിലൂടെ നിങ്ങൾക്കായി ഇറങ്ങുന്ന അനുഗ്രഹങ്ങളും ഇൻശാ അല്ലാഹ് ! ആമീൻ

**Translated by:**
**Mukarram R. Jamaludin Raother**
**Amir Jamaat Ul Sahih Al Islam**
**South Zone, Kerala,**
**Ph: 9447001832, 0475-2220223**
**E-mail: jamal.raother@gmail.com**
**Web: www.jamaat-ul-sahih-al-islam.com**